# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/279/2016 <u>പത്രക്കുറിപ്പ്</u> 2016 **ഡിസംബർ 31**

**അപേക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം (ന്യൂ സ്കീം–2016 റഗുലർ അഡ്മിഷൻ & 2016 നു മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ 2017 ജനുവരി 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 9 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിനു 30 രൂപയും (പരമാവധി 150) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

**പരീക്ഷാഫലം**

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. കെമിസ്ട്രി/അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ് റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 16 വരെ സ്വീകരിക്കും.

2016 സെപ്റ്റംബറിൽ നടത്തിയ ഫൈനൽ സെമസ്റ്റർ എം.എസ്സി. അക്വാകൾച്ചർ & ഫിഷ് പ്രോസസിംങ് (നോൺ സി.എസ്.എസ് – സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 12 വരെ സ്വീകരിക്കും.

2016 സെപ്റ്റംബറിൽ നടത്തിയ അവസാന വർഷ മാസ്റ്റർ ഓഫ് ഫിസിയോതെറാപി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ ജനുവരി 12 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ അവസാന സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ & മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ പരിക്ഷയിൽ ഗാന്ധിനഗർ സ്ക്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷനിലെ വിദ്യർത്ഥികളായ വിനീതാ വിൻസന്റ് (2600/3500) ഒന്നാം റാങ്കും, ആദിത്യ.ടി, എലിസബത്ത് തങ്കച്ചൻ (2572/3500) എന്നിവർ രണ്ടാം റാങ്കും, സബീനാ മേരി എബ്രഹാം (2540/3500) മൂന്നാം റാങ്കും നേടി. മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് പരിക്ഷയിൽ ഗാന്ധിനഗർ സ്ക്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷനിലെ വിദ്യർത്ഥികളായ അരുൺകുമാർ.എൻ.വി (3335/4400) ഒന്നാം റാങ്കും, അഞ്ജുബേബി (3259/4400)രണ്ടാം റാങ്കും, സുബി സുകുമാരൻ (3176/4400) മൂന്നാം റാങ്കും നേടി. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ ജനുവരി 12 വരെ സ്വീകരിക്കും

2016 സെപ്റ്റംബറിൽ നടത്തിയ രണ്ടാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപി (2014 റഗുലർ അഡ്മിഷൻ/2008–13 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 13 വരെ സ്വീകരിക്കും.

2016 ഏപ്രിലിൽ നടത്തിയ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ എം.സി.എ (ഓഫ് കാമ്പസ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ചാലക്കുടി നിർമ്മല ഓഫ്കാമ്പസ് സെന്ററിലെ ഡോണ

വിൻസെന്റ് (3031), ഫെമിയ ഷൗക്കത്ത് (2993), ഫർസാന.എസ്.എ (2982) എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ നേടി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 16 വരെ സ്വീകരിക്കും.

**ബി.ടെക് റഗുലർ ക്ലാസ്സുകൾക്ക് അവധി.**

ബി.ടെക് പരിക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകൾ നടക്കുന്നതിനാൽ എം.ജി സർവ്വകലാശാലയുടെ കീഴിൽ വരുന്ന കോളേജുകളിൽ ആറ്, എട്ട് സെമസ്റ്റർ ബി.ടെക് റഗുലർ ക്ലാസ്സുകൾ 2017 ജനുവരി 3 മുതൽ 13 വരെ ഉണ്ടായിരിക്കുന്നതല്ല.

## വിദ്യാലയങ്ങൾ ജൈവ ഉദ്യാനങ്ങളാകണം :- പ്രൊഫ : സി. രവീന്ദ്രനാഥ്.

വിദ്യാലയങ്ങൾ ജൈവഉദ്യാനങ്ങളാകണമെന്നും, പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ സമൂഹ മന:സാക്ഷി രൂപപ്പെടുത്തുവാൻ ജൈവസാക്ഷരതപദ്ധതി വിദ്യാർത്ഥി സമൂഹം ഏറ്റെടുത്തു വിജയിപ്പിക്കണമെന്നും വിദ്യാഭ്യാസ മന്ത്രി പ്രൊഫ : സി രവീന്ദ്രനാഥ് ആഹ്വാനം ചെയ്തു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇന്നലെ സമാപിച്ച ത്രിദിന അന്താരാഷ്ട്ര ജൈവകൃഷി സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സർവ്വകലാശാലാ കാമ്പസിൽ ആരംഭിക്കുന്ന മാതൃകാ നാട്ടുഫലത്തോട്ടത്തിന്റെ ഉദ്ഘാടനം ''ചെമ്പരത്തി വരിക്ക'' പ്ലാവിന്റെ തൈ നട്ടുകൊണ്ട് അദ്ദേഹം നിർവ്വഹിച്ചു.

കാലം തെറ്റി പൂക്കുന്ന തുമ്പയും കണികൊന്നയും ഒക്കെ കാലാവസ്ഥാമാറ്റത്തിന്റെ സൂചനകളാണ്. കാടിനേയും കടലിനേയും കൂട്ടിയിണക്കുന്ന പുഴകൾ വറ്റി വരണ്ട് അപ്രത്യക്ഷമാകുമ്പോൾ ആവാസ വ്യവസ്ഥയും ജൈവവൈവിധ്യവും തകിടം മറിയുന്നു. ഇത്തരം സൂചനകൾ മനസ്സിലാക്കി പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ ജൈവസാക്ഷരതയും സംസ്കാരവും വളർത്തുവാൻ സാമൂഹ്യപ്രതിബദ്ധതയുള്ള സർവ്വകലാശാലകൾക്കും വിദ്യാലയങ്ങൾക്കും സാധ്യമാകണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ജൈവകൃഷി പ്രോത്സാഹനത്തിനായി മികച്ച സംഭാവന നൽകുന്ന സ്ക്കൂൾ, കോളേജ്, സർവ്വകലാശാലകളെ അവാർഡ് നൽകി ആദരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

വൈവിധ്യമാർന്ന ആയിരത്തിലധികം നാട്ടുഫലവൃക്ഷങ്ങൾ അഞ്ചേക്കറിൽ ഒരു വർഷം കൊണ്ട് നട്ടുവളർത്തി ക്യമ്പസിന്റെ ജൈവവൈവിധം നിലനിർത്തുമെന്നും ഏറ്റുമാനൂർ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശം ദത്തെടുത്തുകൊണ്ട് സമ്പൂർണ ജൈവസാക്ഷരതയ്ക്കാവശ്യമായ കർമ്മ പദ്ധതികൾ ഏറ്റെടുത്തു നടത്തുമെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ പറഞ്ഞു. ഇതിലൂടെ എം.ജി.സർവ്വകലാശാല കേരളത്തിൽ മാത്രമല്ല ഭാരതത്തിൽ തന്നെ മാതൃകയാകുന്ന ആദ്യ സർവ്വകലാശാലയായി മാറുമെന്നും വൈസ്ചാൻസിലർ പ്രഖ്യാപിച്ചു. ചടങ്ങിൽ സർവ്വകലാശാല മുൻവൈസ്ചാൻസിലറും ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ അധ്യാപകനുമായ ഡോ : രാജൻ ഗുരുക്കൾ മുഖ്യ പ്രഭാഷണം നടത്തി. മികച്ച കൊളാബ്രേറ്റർക്കുള്ള അവാർഡ് എം.ജെ.ജേക്കബിന്, ഡോ.എം.സി ദിലീപ്കുമാറും (വൈസ്ചാൻസിലർ കാലടി സർവ്വകലാശാല), മികച്ച പ്രബന്ധത്തിനുള്ള അവാർഡ് അലൻ തോമസിന് ഡോ : ഷീനാ ഷുക്കൂറും ( പ്രോ വൈസ്ചാൻസിലർ എം.ജി സർവ്വകലാശാല), മികച്ച പോസ്റ്ററിന് സി. അനീഷക്ക് പ്രൊഫ : ടോമിച്ചൻ ജോസഫും (സിൻഡിക്കേറ്റ് മെമ്പർ) നൽകി. ചടങ്ങിൽ രജിസ്ട്രാർ എം.ആർ.ഉണ്ണി, ഡോ : പ്രകാശ്കുമാർ.ബി എന്നിവർ സംസാരിച്ചു.

ഭൂമിയുടെ ഫലദായകത്വം നശിപ്പിക്കാതെ സംരക്ഷിക്കുന്ന കൃഷിയാവണം വരുംകാലത്തേതെന്ന് ഡോ : കെ.എം ജോർജ്ജ് പ്രസ്താവിച്ചു. സർവ്വകലാശാല അസംബ്ലിഹാളിൽ നടന്ന ജൈവകൃഷി സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭൂമിയുടെ ഹൃദയത്തിന്റെ മന്ത്രണങ്ങൾക്ക് ചെവി കൊടുക്കുന്ന യത്നമാണ് ജൈവ കൃഷി. ഭൂമിക്കൊരു തിരിച്ചറിവുണ്ടെന്നും അതിനെ പഠിക്കുകയും ഭൂമിയോടു ചേർന്നു നിൽക്കുകയും ചെയ്യുകയാണ് വർത്തമാനകാലത്തിന്റെ പ്രതിസന്ധികൾക്കുള്ള പരിഹാരമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നാടൻ പശു ഒരു കൽപധേനു എന്ന വിഷയത്തിൽ ഡോ : ജയദേവനും കാലാവസ്ഥാ വ്യതിയാനവും പ്രത്യാഘാതങ്ങളും എന്ന വിഷയത്തിൽ ഡോ : എ.പി. തോമസ്സും പ്രഭാഷണം നടത്തി. കിഴങ്ങുവിളകൾ കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്കും ആരോഗ്യത്തിനും അനിവാര്യമാണെന്ന് പ്രശസ്ത കിഴങ്ങുവിള കർഷകനായ പി.ജെ.മാനുവൽ വയനാട് അഭിപ്രായപ്പെട്ടു. വിവിധ സെഷനുകളിൽ വി. അശോകകുമാർ, ഡോ : എൻ.കെ.ശശിധരൻ, കെ.എം.മാത്യു, വിനോദ് ഇരിങ്ങാലക്കുട, ഡെന്നീസ് ജോർജജ്ജ്, ഷൈൻ കെ.എസ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

മൂന്നു ദിവസമായി സർവ്വകലാശാലയിൽ നടന്ന രാജ്യാന്തര സമ്മേളനത്തിനും കാർഷിക പ്രദർശനത്തിനും കർഷകരുടെ മുഖാമുഖം പരിപാടിക്കും സമാപനമായി. വിദേശരാജ്യങ്ങളിൽ നിന്നുൾപ്പെടെയുള്ള പ്രതിനിധികൾ പങ്കെടുത്ത സെമിനാർ ജൈവകൃഷിയേയും സുസ്ഥിര കൃഷിയേയും കർഷകർക്കു പരിചയപ്പെടുത്തുന്നതിൽ നിർണ്ണായകമായി.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ കാമ്പസിൽ ആരംഭിക്കുന്ന മാതൃകാ നാട്ടുഫലത്തോട്ടത്തിന്റെ ഉദ്ഘാടനം''ചെമ്പരത്തി വരിക്ക'' പ്ലാവിന്റെ തൈ നട്ടുകൊണ്ട് വിദ്യാഭ്യാസ മന്ത്രി പ്രൊഫ : സി രവീന്ദ്രനാഥ് നിർവ്വഹിക്കുന്നു. എം.ജി.സർവ്വകലാശാലാ വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ, പ്രോ. വൈസ്ചാൻസിലർ ഡോ : ഷീനാഷുക്കൂർ, കാലടി സംസ്കൃത സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : എം.സി ദിലീപ്കുമാർ, ഡോ : രാജൻ ഗുരുക്കൾ, രജിസ്ട്രാർ എം.ആർ.ഉണ്ണി, സിൻഡിക്കേറ്റ് അംഗം ടോമിച്ചൻ ജോസഫ് എന്നിവർ സമീപം.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന ത്രിദിന അന്താരാഷ്ട്ര ജൈവകൃഷി സെമിനാറിന്റെ സമാപന സമ്മേളനത്തിൽ സംസ്ഥാന വിദ്യാഭ്യാസ മന്ത്രി പ്രൊഫ : സി രവീന്ദ്രനാഥ് സംസാരിക്കുന്നു. എം.ജി.സർവ്വകലാശാലാ വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ, പ്രോ. വൈസ്ചാൻസിലർ ഡോ : ഷീനാഷുക്കൂർ, കാലടി സംസ്കൃത സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : എം.സി ദിലീപ്കുമാർ, ഡോ : രാജൻ ഗുരുക്കൾ, രജിസ്ട്രാർ എം.ആർ.ഉണ്ണി, സിൻഡിക്കേറ്റ് അംഗം ടോമിച്ചൻ ജോസഫ് എന്നിവർ സമീപം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**